"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന വസ്തു നികുതിയുമായി ബന്ധപ്പെട്ട (Property Tax) ഓരോ ട്രാൻസാക്ഷന്റെയും 2.5% തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരള മിഷന് ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്**

സ.ഉ.(കൈ) നം.179/2025/LSGD തീയതി,തിരുവനന്തപുരം, 09-10-2025

---

പരാമർശം:-

1. ഇൻഫർമേഷൻ കേരള മിഷൻ ചീഫ് മിഷൻ ഡയറക്ടറുടെ 30/05/2025ലെ 2320-F5-2025-IKM നമ്പർ കത്ത്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19/06/2025 ലെ LSGD/PD/18177/2025-REV2 നമ്പർ കത്ത്
3. 20.08.2025 ലെ സ.ഉ.(സാധാ)നം. 2067/2025/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാകുന്ന രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും നിലവിൽ ഐ.കെ.എമ്മിന് ലഭ്യമായിക്കൊണ്ടിരിക്കുന്ന വരുമാന മാർഗ്ഗങ്ങൾ ഐ.കെ.എമ്മിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾക്കും അപര്യാപ്തമായ സാഹചര്യത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന വസ്തു നികുതി (Property Tax) യുടെ ഒരു നിശ്ചിത ശതമാനം തുക ഐ.കെ.എമ്മിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പരാമർശം(1) പ്രകാരം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചു. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പരാമർശം(3) പ്രകാരം ഒരു കമ്മിറ്റിയെ നിയോഗിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന വസ്തു നികുതി (Property Tax)ൽ നിന്നും ഓരോ ട്രാൻസാക്ഷന്റെയും 2.5% തുക ഓട്ടോ ഡെബിറ്റ് (Auto Debit)ആയി ഐ.കെ.എമ്മിന് അനുവദിക്കുന്നതിന് പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തു.

മേൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിന് കെ-സ്മാർട്ട് ആപ്ലിക്കേഷന്റെ പ്രവർത്തനം അത്യന്താപേക്ഷിതമാണ്. കെ-സ്മാർട്ട് വിന്യസിച്ചതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തു നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാവുകയും തനത് വരുമാനത്തിൽ വർദ്ധനവ് വരികയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനമായ വസ്തു നികുതി (Property Tax)യുടെ ഓരോ

ട്രാൻസാക്ഷന്റെയും **2.5%** തുക ഓട്ടോ ഡെബിറ്റ് **(Auto Debit)** ആയി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾക്കായി ഐ.കെ.എമ്മിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. മേപ്പടി തുക ഐ.കെ.എമ്മിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് ആവശ്യമായ ക്രമീകരണം സോഫ്റ്റ്‌വെയറിൽ ഐ.കെ.എം ഉടനടി വരുത്തേണ്ടതാണ്. കെ-സ്മാർട്ട് പൂർണ്ണമായി വികസിപ്പിച്ച ശേഷം ഈ നിരക്ക് സർക്കാർ പുനഃപരിശോധിക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ ഡയറക്ടറേറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ **(E&RSA/G&SSA)** കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി **(LSGD-EG1/100/2025/LSGD)**

ഉത്തരവിൻ പ്രകാരം
Signed by
Manikkuttan R
Date: 09-10-2025 10:57:39
സെക്ഷൻ ഓഫീസർ

പകർപ്പുകൾ
തദ്ദേശ സ്വയം ഭരണ, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയം ഭരണ (ആർ.സി)വകുപ്പ്